# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**ഹാജർ : DR.BINU FRANCIS IAS**

വിഷയം :- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ ഇനോക്കുലം സപ്ലൈ ചെയ്യുന്നതിലേയ്ക്ക് അഗ്രോ ബയോടെക് റിസർച്ച് സെന്റർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. **31.12.2014**-ലെ സ.ഉ (സാധാ) നം. **3508/2014**/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. **13.08.2018**-ല് ചേർന്ന **29**-ാമത് ശുചിത്വമിഷന് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ **14**-ാം നമ്പർ തീരുമാനം.
3. ശുചിത്വമിഷന് എക്സിക്യൂട്ടീവ് ഡയറക്ടറുടെ **01.02.2025** തീയതിയിലെ **SM/1743/2024-C4-Part(1)** നമ്പര് നടപടിക്രമം.
4. **13.02. 2 0 2 6** തീയതിയിൽ കൂടിയ ശുചിത്വമിഷന് ടെക്നിക്കൽ കമ്മിറ്റി തീരുമാനം.
5. കോട്ടയം ജില്ലാ ശുചിത്വ മിഷനിൽ നിന്നും **06.06.2026**-തീയതിയിൽ **2086-TC/2026/DSM/ KTM** നം. പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്.

നമ്പർ: **SM/2227/2025-C4** തീയതി: **08-07-2026**

## ഉത്തരവ്

ഖരമാലിന്യ (ജൈവം) സംസ്കരണ മേഖലയിൽ സേവനം നല്കുന്നതിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടുതൽ സേവനദാതാക്കളെ തെരഞ്ഞെടുക്കുന്നതിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിന് പരാമർശം (1 ) ഉത്തരവ് പ്രകാരം ശുചിത്വ മിഷന് അനുമതി നല്കി ഉത്തരവായിരുന്നു. കൂടാതെ പരാമർശം (2) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെട്ട സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ ഖരമാലിന്യ സംസ്കരണ മേഖലയിലെ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണ മേഖലയിൽ സേവന ദാതാക്കളെ തെരഞ്ഞെടുക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി പരാമർശം (4) പ്രകാരം സാങ്കേതിക സമിതി പുനഃസംഘടിപ്പിച്ചിരുന്നു.

ഇനോക്കുലം സപ്ലൈ ചെയ്യുന്നതിന് ശുചിത്വ മിഷന്റെ അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് അഗ്രോ ബയോടെക് റിസർച്ച് സെന്റർ ലിമിറ്റഡ് എന്ന സ്ഥാപനം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (4) പ്രകാരം ചേർന്ന ശുചിത്വ മിഷൻ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ പ്രസ്തുത ഏജൻസി സമർപ്പിച്ച അപേക്ഷയും NIIST-ൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിക്കുകയും, ടി ഏജൻസിയുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത സ്ഥാപനത്തിന്റെ കോട്ടയത്തെ പനച്ചിക്കാട് ഗ്രാമപഞ്ചായത്തിലെ പൂവന്തുരുത്തിലെ നിർദ്ദിഷ്ട ഇനോക്കുലം പ്രൊഡക്ഷൻ-മൈക്രോബിയൽ ലാബോറട്ടറി സൗകര്യത്തെക്കുറിച്ചുള്ള തൃപ്തികരമായ ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ടിന് വിധേയമായി ഏജൻസിയെ എംപാനൽ ചെയ്യാൻ കമ്മിറ്റി തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5 ) പ്രകാരം

കോട്ടയം ജില്ലാ ശുചിത്വ മിഷനിൽ നിന്നും തൃപ്തികരമായ ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, ജില്ലാ ശുചിത്വ മിഷനിൽ നിന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരാമർശം (4) തീരുമാനത്തിന് വിധേയമായി, ചുവടെ പട്ടികയിൽ പറയും പ്രകാരമുള്ള അഗ്രോ ബയോടെക് റിസർച്ച് സെന്റർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇനോക്കുലം സപ്ലൈ ചെയ്യുന്നതിന് ചുവടെപ്പറയുന്ന നിബന്ധകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസിയുടെ എംപാനൽമെന്റ് കാലാവധി ഈ **ഉത്തരവ് തീയതി മുതൽ 3 വർഷത്തേയ്ക്ക്** ആയിരിക്കും.

| Name of Agency | Area Recommended |
|---|---|
| AGRO BIO-TECH RESEARCH CENTRE LTD,<br>Industrial Area, Poovanthuruthu P.O,<br>Kottayam - 686 012<br>Email : office@abtec.in, info@abtec.in<br>Ph : 0481 2340211, 2341894 | Supplying Inoculum |

**നിബന്ധനകള്**

1. **05.03.2026**-ൽ ചേർന്ന ശുചിത്വ മിഷന്റെ **37**-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, എംപാനൽമെന്റ് ലഭിക്കുന്ന എല്ലാ ഏജൻസികളും, എംപാനൽമെന്റ് ഫീസായി **₹5000+GST(18%)** എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി ഒടുക്കേണ്ടതും, **GST** സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം പേയ്മെന്റ് ഡീറ്റെയിൽസ് ലഭ്യമാക്കിക്കൊണ്ട് എംപാനൽമെന്റ് സർട്ടിഫിക്കറ്റ് കൈപ്പറ്റേണ്ടതുമാണ്.
2. ഈ അംഗീകാരത്തിന്റെ കാലാവധി **ഈ ഉത്തരവ് തീയതി മുതൽ 3 വർഷത്തേയ്ക്ക് ആയിരിക്കും.** ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നല്കുന്നതാണ്.
3. ഇനോക്കുലം നിർമ്മാണ ഏജൻസി, ഇനോക്കുലം നിർമ്മാണവുമായി ബന്ധപ്പെട്ട് ബാക്ടീരിയൽ കൺസോർഷ്യം/പ്യൂർ കൾച്ചർ സൂക്ഷിക്കുന്ന വേളയിലും, ഇനോക്കുലം/ബാക്ടീരിയൽ കൺസോർഷ്യം കൂടുതൽ അളവിലേക്ക് തയ്യാറാക്കുന്ന വേളയിലും, ഇനോക്കുലത്തിന്റെ ഫില്ലർ മെറ്റീരിയൽ ആയി ചകിരിച്ചോർ/മറ്റ് പദാർത്ഥങ്ങൾ ചേർക്കുന്ന വേളയിലും, തയ്യാറാക്കിയ ഇനോക്കുലം പാക്ക് ചെയ്ത് സൂക്ഷിക്കുന്ന വേളയിലും മനുഷ്യനോ, പ്രകൃതിക്കോ ദോഷകരമാകുന്ന രോഗാണുക്കൾ കലരാതെ(**Pathogenic Contamination**) സൂക്ഷിക്കേണ്ടതും, ആയത് കൃത്യമായ ഇടവേളകളിൽ പരിശോധിച്ച്ഉറപ്പു വരുത്തേണ്ടതുമാണ്.
4. ഫില്ലർ മെറ്റീരിയലിൽ രോഗാണു വിമുക്തമാക്കിയ ശേഷം (**Pathogen free**) മാത്രമേ ഇനോക്കുലം നിർമ്മാണത്തിനായി ഉപയോഗിക്കുവാൻ പാടുള്ളൂ.
5. ഇനോക്കുലം ഉപയോഗം മൂലം പ്രകൃതിക്കോ, മനുഷ്യനോ യാതൊരു വിധ കേടുപാടുകളും, രോഗ ബാധകളും ഉണ്ടാകാതിരിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതും അത്തരത്തിൽ യാതൊരു യാതൊരുവിധ ബുദ്ധിമുട്ടുകളും ഉണ്ടാകുന്നില്ലായെന്ന് ഇനോക്കുലം നിർമ്മാണ ഏജൻസി ഉറപ്പു വരുത്തേണ്ടതുമാണ്.

6. വിതരണം ചെയ്യുന്ന ഇനോക്കുലത്തിന്റെ ഗുണനിലവാരവും, ഏജൻസിയുടെ പ്രവർത്തന മികവും ശുചിത്വ മിഷൻ വിലയിരുത്തുന്നതാണ്. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശ പ്രകാരമുള്ള നിബന്ധനകളും ഈ ഉത്തരവിലെ നിബന്ധനകളും പാലിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും എംപാനൽമെന്റ് പുതുക്കുന്നത് ഉൾപ്പെടയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നത്.
7. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാര്ഗ്ഗനിര്ദ്ദേശങ്ങളും പാലിച്ചു വേണം സേവനദാതാക്കള് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്ക്ക് സേവനം നല്കേണ്ടത്.
8. സേവന ദാതാവ് എല്ലാ വർഷവും ഏപ്രിലൽ 30-ന് മുമ്പായിതങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുക്കുന്ന നടപ്പിലാക്കിയ പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങള് പ്രവൃത്തി നിര്വ്വഹണ ഉത്തരവിന്റെ പകര്പ്പ് (വര്ക്ക് ഓർഡർ) , വാർഷിക ഓഡിറ്റഡ് സ്റ്റേററ്മെന്റിന്റെ പകര്പ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്.
9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങള് പ്രോജക്ടുകള് നടപ്പിലാക്കുമ്പോൾ അതാത് മേഖലകളിലുള്ള എല്ലാ സേവനദാതാക്കള്ക്കും ഓഫര് നല്കുവാൻ അവസരം നല്കുന്ന രീതിയില് രേഖാമൂലമുള്ള അറിയിപ്പുകള് നല്കേണ്ടതാണ്. ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ടു മാത്രമേ സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ.
10. സേവനദാതാക്കള് അവരവര്ക്ക് അംഗീകാരം നല്കിയിട്ടുള്ള സേവന മേഖലയില് മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുവാൻ പാടുള്ളൂ.
11. അംഗീകാരം ലഭിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച ഗുണനിലവാരത്തിലുള്ള ഇനോക്കുലം തന്നെ ആയിരിക്കണം വിതരണം ചെയ്യേണ്ടത്. ഗുണനിലവാര പരിശോധനകൾ സർക്കാർ മാർഗ്ഗരേഖ പ്രകാരം അനുവർത്തിക്കേണ്ടതാണ്.
12. സര്ക്കാർ/ശുചിത്വമിഷന് നടത്തുന്ന മാലിന്യ സംസ്കരണ പരിപാടികളിൽഎല്ലാ സേവനദാതാക്കളുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്.
13. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾക്ക് വിരുദ്ധമായി എംപാനൽഡ് ഏജൻസി പ്രവർത്തിക്കുന്ന പക്ഷം, അല്ലെങ്കിൽ, എംപാനൽഡ് ഏജൻസിയുടെ നിരുത്തരവാദിത്വപരമായ പ്രവർത്തനങ്ങൾ മൂലം സർക്കാരിന്/പൊതുജനത്തിന് ഏതെങ്കിലും വിധേനയുള്ള കഷ്ട-നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം, ബന്ധപ്പെട്ട എംപാനൽഡ് ഏജൻസി ആയത് നികത്തുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും. ആയതുമായി ബന്ധപ്പെട്ട നഷ്ടപരിഹാര തുക പ്രവൃത്തി നിർവ്വഹണ ഏജൻസിയിൽ നിന്നും ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം ഈടാക്കുന്നതും, യാതൊരു മുന്നറിയിപ്പും കൂടാതെ ടി ഏജൻസിയെ കരിമ്പട്ടികയിൽപ്പെടുത്തി മാലിന്യ സംസ്കരണ പ്രവൃത്തികളിൽ നിന്നും ഒഴിവാക്കുന്നതും, ടി ഏജൻസിയുടെ ശുചിത്വ മിഷൻ അംഗീകാരം റദ്ദ് ചെയ്യുന്നതും, പ്രസ്തുത ഏജൻസിക്കെതിരെ നിലവിലെ ബാധകമായ നിയമങ്ങൾ പ്രകാരം കോടതി വ്യവഹാരത്തിന് ശുചിത്വ മിഷൻ ശുപാർശ ചെയ്യുന്നതുമായിരിക്കും.
14. സേവന ദാതാക്കള് മേൽപറഞ്ഞ നിബന്ധനകള് കർശനമായി പാലിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി കാണുന്ന പക്ഷമോ, മേൽപ്പറഞ്ഞവയ്ക്ക് ഉപരിയായി ശുചിത്വ മിഷൻ കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായോ, എംപാനൽമെന്റ് ചെയ്യപ്പെട്ട മേഖലയുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിൽ നയമാറ്റമുണ്ടാകുന്ന പക്ഷമോ, സേവന ദാതാക്കളെക്കുറിച്ച്

എന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം, ആയത് പരിശോധിച്ച്, താങ്കളുടെ സേവനം തൃപ്തികരമല്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷമോ, താങ്കളുടെ നിലവിലെ അംഗീകാരം, യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും റദ്ദ് ചെയ്യുന്നതിന് ശുചിത്വ മിഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

15. എംപാനൽഡ് ഏജൻസികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിലേക്ക് ഓരോ ഏജൻസിക്കും പ്രത്യേകം വെബ് പേജ് ശുചിത്വ മിഷന്റെ വെബ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്. ടി വെബ് പേജ് രൂപകല്പന ചെയ്യുന്നതിനും പരിപാലിക്കുന്നതിലേക്കുമുള്ള ഡെവലപ്മെന്റ് ചാർജ്/പ്രോസസ്സിംഗ് ഫീസ്, എംപാനൽമെന്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ, ഉത്പ്പന്നത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതുമായി ബന്ധപ്പെട്ട് വരുന്ന ചെലവുകൾ അതാത് ഏജൻസികൾ വഹിക്കേണ്ടതാണ്.

**DR.BINU FRANCIS IAS**

**EXECUTIVE DIRECTOR**

സ്വീകര്ത്താവ്

ബന്ധപ്പെട്ട ഏജൻസി

പകര്പ്പ്

1. പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ, (അറിവിലേയ്ക്കായി)
2. ചീഫ്എഞ്ചിനീയര്, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. എല്ലാ ജില്ലാ മിഷന് കോ-ഓര്ഡിനേറ്റര്മാര്ക്കും
4. എല്ലാതദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാര്ക്കും (ജില്ലാ കോ-ഓര്ഡിനേറ്റര്മാര് മുഖേന)
5. വെബ്സൈറ്റ്, ഓഫീസ്കോപ്പി/കരുതല് ഫയല്.